2023
JULY
03
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ഇന്റർനെറ്റിൽ ഡാർക് പാറ്റേണുകൾ: പരാതി നൽകാം

**ന്യൂഡൽഹി:** ഇന്റർനെറ്റിൽ ആളുകളെ തെറ്റിദ്ധരിപ്പിച്ച് വിവിധ സേവനങ്ങളും ഉൽപന്നങ്ങളും വിൽക്കുന്ന ഡാർക് പാറ്റേണുകൾ കണ്ടാൽ ഇനി 1915 എന്ന നമ്പറിൽ വിളിക്കുകയോ 8800001915 എന്ന വാട്സാപ് നമ്പറിൽ പരാതിപ്പെടുകയോ ചെയ്യാം. ഡാർക് പാറ്റേണുകൾ നടപ്പാക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രാലയം ഇന്റർനെറ്റ് കമ്പനികൾക്ക് കഴിഞ്ഞ ദിവസം കത്തയച്ചു. ലംഘനമുണ്ടായാൽ 2019ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുസരിച്ച് നടപടിയെടുക്കും.

യൂറോപ്യൻ യൂണിയൻ, യുഎസ്, യുകെ എന്നിവിടങ്ങളിൽ ഇത്തരം രീതികൾക്കെതിരെ കർശന നടപടി സ്വീകരിച്ചിരുന്നതായും മന്ത്രാലയം വ്യക്തമാക്കി.ഇകൊമേഴ്സ് സൈറ്റുകളിലോ ടിക്കറ്റ് ബുക്കിങ് സൈറ്റുകളിലെ പരതുമ്പോൾ ടിക്കറ്റ്/ഉൽപന്നം 2 എണ്ണം മാത്രമേ ബാക്കിയുള്ളൂ, വേഗം ബുക്ക് ചെയ്യൂ എന്ന തരത്തിലുള്ള വ്യാജ അറിയിപ്പുകൾ ഡാർക് പാറ്റേണിന് ഉദാഹരണമാണ്. അനാവശ്യമായ തിടുക്കം സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

ഉൽപന്നങ്ങൾ കാർട്ടിലേക്ക് ചേർക്കുമ്പോൾ ഉപയോക്താവിന്റെ അനുമതിയില്ലാതെ അനുബന്ധ ഉൽപന്നങ്ങൾ കമ്പനി തനിയെ ചേർക്കുന്ന രീതിയും ഇതിന്റെ പരിധിയിൽ വരും. നിശ്ചിത സേവനം ലഭിക്കാൻ നിർബന്ധമായും സൈൻ അപ് ചെയ്യണമെന്ന വ്യവസ്ഥ, പരസ്യം ചെയ്യുന്ന ഉൽപന്നത്തെക്കാൾ വില കുറഞ്ഞത് വിൽക്കുക, വാർത്തയെന്നു തോന്നിപ്പിക്കുന്ന പരസ്യങ്ങൾ, ഹിഡൻ ചാർജുകൾ തുടങ്ങിയവയൊക്കെ ഡാർക് പാറ്റേണുകളുടെ ഉദാഹരണമാണ്.

# കേരളത്തിൽ 138 ഡെങ്കിപ്പനി ബാധിത മേഖലകൾ

## കോഴിക്കോടും കൊല്ലത്തും 20 വീതം

**തിരുവനന്തപുരം:** സംസ്ഥാനത്തു പനി മരണങ്ങൾ തുടരവെ, ആശങ്കയുയർത്തി 138 ഡെങ്കിപ്പനി ബാധിത മേഖലകൾ ആരോഗ്യ വകുപ്പ് കണ്ടെത്തി. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളുടെ സാന്നിധ്യവും രോഗബാധയും ഏറ്റവും കൂടുതലുള്ള മേഖലകളാണു തരം തിരിച്ചിട്ടുള്ളത്. കൊല്ലം, കോഴിക്കോട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഹോട്സ്പോട്ടുകൾ കണ്ടെത്തിയത്. രണ്ടു ജില്ലകളിലും 20 വീതം ഹോട്സ്പോട്ടുകളുണ്ട്. പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രതയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും നിർദേശം നൽകി.



കൊല്ലത്ത് അഞ്ചൽ, കരവാളൂർ, തെന്മല, പുനലൂർ, കൊട്ടാരക്കര ഉൾപ്പെടെ 20 പനിബാധിത മേഖലകൾ ഉണ്ട്. കൂരാച്ചുണ്ട്, മുക്കം, കൊടുവള്ളി, പേരാമ്പ്ര തുടങ്ങിയവ കോഴിക്കോടുള്ള ഹോട്സ്പോട്ടുകളിൽപ്പെടുന്നു. തിരുവനന്തപുരത്ത് മാണിക്കൽ, പാങ്ങപ്പാറ, കിളിമാനൂർ, മംഗലപുരം ഉൾപ്പെടെ 12 എണ്ണമുണ്ട്. പത്തനംതിട്ട ടൗണും സീതത്തോടും കോന്നിയും കടമ്പനാടും മല്ലപ്പള്ളിയും ഉൾപ്പടെ 12 ഹോട്സ്പോട്ടാണു പത്തനംതിട്ട ജില്ലയിലുള്ളത്. ഇടുക്കിയിൽ വണ്ണപ്പുറവും മുട്ടവും കരിമണ്ണൂരും പുറപ്പുഴയും ഡെങ്കിപ്പനി ബാധിത മേഖലകളാണ്.

കോട്ടയം മുനിസിപ്പാലിറ്റിയിൽ കേസുകൾ കൂടുന്നുണ്ട്. കൂടാതെ മീനടം, എരുമേലി, പാമ്പാടി, മണിമല തുടങ്ങി 14 ഹോട്സ്പോട്ടുകളുണ്ട്. ആലപ്പുഴ മുനിസിപ്പാലിറ്റിയും ലിസ്റ്റിലുണ്ട്. ആകെ ഏഴെണ്ണം. ഡെങ്കിപ്പനി കേസുകൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യുന്ന എറണാകുളത്ത് കൊച്ചി കോർപറേഷൻ പ്രദേശമുൾപ്പെടെ പനിബാധിത മേഖലയാണ്. ജില്ലയിൽ 9 മേഖലകൾ പനി ബാധിതമെന്ന് കണ്ടെത്തി.

തൃശൂരിൽ കോർപറേഷൻ പരിധിയിൽ ഡെങ്കിപ്പനി കൂടുന്നുണ്ട്. ഒല്ലൂരും കേസുകൾ കൂടുതലാണ്. പാലക്കാട് 4 പനിബാധിത മേഖലകൾ മാത്രമേയുള്ളൂ. കരിമ്പയും കൊടുവായൂരും പട്ടികയിലുണ്ട്. മലപ്പുറത്ത് 10 എണ്ണമുണ്ട്. മലപ്പുറം ടൗണും എടപ്പറ്റയും കരുവാരക്കുണ്ടും പട്ടികയിൽ ഉൾപ്പെടുന്നു. വയനാട് സുൽത്താൻ ബത്തേരിയും മീനങ്ങാടിയും ഉൾപ്പടെ നാലെണ്ണം മാത്രം. തലശേരിയും പാനൂർ മുനിസിപ്പാലിറ്റിയും കണ്ണൂരിലെ പനിബാധിത മേഖലകളിലുണ്ട്. കാസർകോട് ബദിയടുക്കയിൽ രോഗികളുടെ എണ്ണം കൂടുകയാണ്. 5 പനിബാധിത മേഖലകളാണ് ജില്ലയിലുള്ളത്.

## വിദേശനാണ്യ കരുതൽ ശേഖരം കുറഞ്ഞു



**മുംബൈ:** വിദേശനാണ്യ കരുതൽ ശേഖരത്തിൽ ഇടിവ്. ജൂൺ 23ന് അവസാനിച്ച ആഴ്ച്ചയിൽ ശേഖരം 290.1 കോടി ഡോളർ താഴ്ന്ന് 59319.8 കോടി ഡോളറിലെത്തി.

മുൻ അവലോകന വാരത്തിൽ കരുതൽ ശേഖരത്തിൽ 235 കോടി ഡോളറിന്റെ വർധന രേഖപ്പെടുത്തിയിരുന്നു. 2021 ഒക്ടോബറിൽ റെക്കോർഡ് നിലവാരമായ 64500 കോടി ഡോളറിൽ ശേഖരം എത്തിയിരുന്നു. അവലോകന വാരത്തിൽ സ്വർണത്തിന്റെ ശേഖരം 74.5 കോടി ഡോളർ കുറഞ്ഞ് 4430. 4 കോടി ഡോളറിൽ എത്തി.



# ആവശ്യത്തിനു ഡോക്ടർമാരില്ല, ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം താളംതെറ്റി

**ചാരുംമൂട്:** ചാരുംമൂട് മേഖലയിലെ ഉൾപ്രദേശങ്ങളിൽ ഗ്രാമീണ ജനങ്ങൾ പനിച്ചു വിറയ്ക്കുമ്പോഴും ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ താളംതെറ്റുന്നു. ഏറ്റവും കൂടുതൽ തൊഴിലാളികൾ ഉൾപ്പെടെ തിങ്ങിപ്പാർക്കുന്ന പാലമേൽ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രത്തിൽ പകരത്തിന് പകരം ഡോക്ടറാണ് സേവനം അനുഷ്ഠിക്കുന്നത്.

ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആർഎംഒയ്ക്കാണ് പാലമേൽ ആരോഗ്യ കേന്ദ്രത്തിന്റെ ചാർജ്. ആരോഗ്യ കേന്ദ്രങ്ങളിലാകമാനം ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതാണ് പ്രവർത്തനങ്ങൾ താളംതെറ്റാൻ പ്രധാന കാരണം. ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ മന്ത്രി പങ്കെടുത്ത ചടങ്ങിൽ കിടത്തി ചികിത്സ തുടങ്ങാൻ നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നു.

തൊട്ടുപിന്നാലെ ഒരാഴ്ച കഴിഞ്ഞപ്പോൾ ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ തുടങ്ങിയതായി പ്രഖ്യാപനം വന്നിരുന്നു. എന്നാൽ പതിനഞ്ച് ദിവസത്തിനുള്ളിൽ കിടത്തി ചികിത്സയും നിലച്ചു. കഴിഞ്ഞ ഒരാഴ്ചയായി വൈകുന്നേരം ആറ് മണിയോടെ തന്നെ ഗേറ്റ് പൂട്ടും.

രാത്രി ഡോക്ടറുടെ സേവനവും ആവശ്യത്തിന് നഴ്സുമാരുടെ സേവനവും ലഭിക്കാത്തതാണ് ഇതിന് പ്രധാനകാരണം. നൂറനാട് ലെപ്രസിസാനറ്റോറിയത്തിന്റെ ഒപി വിഭാഗവും ഉച്ചയ്ക്ക് ഒരുമണിയോടെ നിലയ്ക്കും. വിവിധ പഞ്ചായത്തുകളിൽ നിന്ന് നൂറുകണക്കിന് രോഗികളാണ് ഇവിടെ ഒപി വിഭാഗങ്ങളിൽ എത്തുന്നത്.

ഉച്ചയ്ക്ക് ഒരുമണിക്ക് ശേഷം ഒപി വിഭാഗം നിലയ്ക്കുന്നത് ദുരിതമായിമാറുന്നുണ്ട്. നൂറനാട്, ചുനക്കര ആരോഗ്യ കേന്ദ്രങ്ങളിൽ ഉച്ചയ്ക്ക് ശേഷം വൈകുന്നേരം ആറ് മണിവരെ ഒപി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

ഇത് ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് എന്നിവയാണ് നിയമനം നടത്തിയിട്ടുള്ളത്. മിക്ക ദിവസങ്ങളിലും ഇവരുടെ സേവനം ലഭിക്കാറില്ല. ജീവനക്കാർ ഒഴിച്ചാൽ ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങളുള്ള ആരോഗ്യ കേന്ദ്രങ്ങളാണ് ചുനക്കരയിലും നൂറനാട്ടും.

# ദേവസ്വം ആനകൾക്കുള്ള സുഖചികിൽസ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു

**ഗുരുവായൂർ:** ദേവസ്വം ആനകൾക്ക് വർഷം തോറും സുഖചികിൽസ നൽകുന്ന ഗുരുവായൂർ ദേവസ്വം പ്രവർത്തനം നാട്ടാന പരിപാലനത്തിലെ അനുകരണീയ മാതൃകയാണെന്ന് മൃഗസംരക്ഷണം, മൃഗശാല ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി.ഗുരുവായൂർ ദേവസ്വം ആനകൾക്കായി നടത്തുന്ന വാർഷിക സുഖചികിൽസയുടെയും നാട്ടാന പരിപാലനം ദേശീയ സെമിനാറിന്റെയും ഉദ്ഘാടനം ഗുരുവായൂരിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി. കാട് പോലെ ഒരു ആവാസവ്യവസ്ഥ പരിപാലിച്ച് നാട്ടാനകളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കണമെന്നും മനുഷ്യരുടേതു പോലെ മൃഗങ്ങളുടെ ആരോഗ്യത്തിലും ശ്രദ്ധ ചെലുത്തുന്ന സർക്കാരാണിതെന്നും മന്ത്രി പറഞ്ഞു.

ദേവസ്വം കൊമ്പൻ ബാലകൃഷ്ണന് ഔഷധ ചോറുരുള നൽകി സുഖചികിൽസയ്ക്ക് മന്ത്രി തുടക്കമിട്ടു. ദേവസ്വം പുന്നത്തൂർ ആനത്താവളത്തിൽ നടക്കുന്ന ചടങ്ങിൽ ദേവസ്വം ചെയർമാൻ ഡോ. വി.കെ.വിജയൻ അധ്യക്ഷനായി. ചടങ്ങിൽ ഗുരുവായൂർ എംഎൽഎ എൻ കെ അക്ബർ മുഖ്യാതിഥിയായി .

നഗരസഭ വാർഡ് കൗൺസിലറും ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷയുമായ ഷൈലജ സുധൻ, ദേവസ്വം ഭരണസമിതി അംഗങ്ങളായ സി.മനോജ്, കെ ആർ ഗോപിനാഥ്,മനോജ് ബി.നായർ, അഡ്മിനിസ്ട്രേറ്റർ കെ.പി.വിനയൻ, അസി.മാനേജർ എംകെ സുരേഷ് ,ജീവ ധനം വിദഗ്ധ സമിതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.ദേവസ്വം ഭരണസമിതി അംഗം ചെങ്ങറ സുരേന്ദ്രൻ സ്വാഗതവും ദേവസ്വം ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ഇ എസ് മായാദേവി നന്ദിയും പറഞ്ഞു.

നാട്ടാന പരിപാലനവും വന്യജീവി സംരക്ഷണവും എന്ന വിഷയത്തിൽ ജീവധനം വിദഗ്ധ സമിതി അംഗം ഡോ.പി.ബി.ഗിരിദാസ്, വനം വകുപ്പ് റേഞ്ച് ഓഫീസർ രഞ്ചിത്ത് ക്ലാസെടുത്തു.

ആനകളുടെ ആരോഗ്യ സംരക്ഷണവും ഒപ്പം ശരീരപുഷ്ടിക്കും ഉപകരിക്കും വിധമുള്ള സമീകൃത ആഹാരമാണ് നൽകുക.41ആനകളിൽ 23 ആനകൾക്കാണ് സുഖചികിത്സ. ആനകൾ മദപ്പാടിലാണ്. നീരിൽനിന്നും അഴിക്കുന്ന മുറയ്ക്ക് അവയ്ക്ക് സുഖചികിത്സ നൽകും. ഡോ.പി.ബി. ഗിരിദാസ്, ഡോ: എം.എൻ.ദേവൻ നമ്പൂതിരി ,ഡോ :ടി.എസ്.രാജീവ്, ഡോ.കെ.വിവേക്, ദേവസ്വം വെറ്ററിനറി സർജൻ ഡോ: ചാകരുജിത്ത് നാരായണൻ എന്നിവരുടെ മേൽനോട്ടത്തിലാണ് സുഖചികിൽസ .ആന സുഖചികിൽസക്കായി 12.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ദേവസ്വം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.



# നാടൻ പച്ചക്കറി ഉൽപാദനം കുത്തനെ താഴോട്ട്

**കുറവിലങ്ങാട് :** പൊതുവിപണിയിൽ പച്ചക്കറിവില കുതിച്ചുയരുമ്പോൾ നാടൻ പച്ചക്കറികളുടെ ഉൽപാദനം കുത്തനെ ഇടിയുന്നു. വഴുതന, അച്ചിങ്ങപ്പയർ, പാവയ്ക്ക, പടവലങ്ങ തുടങ്ങിയവയുടെ ഉൽപാദനം നടക്കുന്ന സമയമാണിത്. ഒപ്പം ഓണവിപണി ലക്ഷ്യമാക്കിയുള്ള പച്ചക്കറിക്കൃഷിയും. പക്ഷേ, തുടരെത്തുടരെ ഉണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം, വളം, കീടനാശിനികൾ എന്നിവയുടെ വില വർധന, കൂലിച്ചെലവുവർധന, ഉൽപന്നങ്ങൾക്കു ന്യായമായ വില ലഭിക്കാത്ത അവസ്ഥ തുടങ്ങിയ കാരണങ്ങൾ കർഷകരെ പച്ചക്കറിക്കൃഷിയിൽ നിന്ന് അകറ്റുകയാണ്.

പതിവായി പച്ചക്കറിക്കൃഷി നടത്തിയിരുന്ന പലരും പശുവളർത്തലിലേക്കും കൂലിപ്പണിയിലേക്കും മാറി.പ്രളയം കനത്ത ആഘാതം ഏൽപിച്ച 2018ൽ തുടങ്ങിയതാണു തിരിച്ചടികൾ. രണ്ടു വർഷം തുടർച്ചയായി പ്രളയം. തുടർന്നു കോവിഡ് വ്യാപനവും ലോക്ഡൗണും. ഇതിനിടെയുണ്ടായ കാലാവസ്ഥാ വ്യതിയാനം കാർഷികമേഖലയുടെ കണക്കുകൾ തെറ്റിച്ചു. ഇത്തവണ തിരുവാതിര ഞാറ്റുവേലയുടെ സമയത്തു പോലും മെച്ചപ്പെട്ട മഴ ലഭിച്ചില്ല.

കാലാവസ്ഥാ വ്യതിയാനം തുടർന്നാൽ ഇത്തവണ ഓണക്കാലത്തും നാടൻ പച്ചക്കറികളുടെ വരവു കുറയും. മറുനാടൻ പച്ചക്കറികൾ വിപണി കീഴടക്കും. കാലാവസ്ഥാ വ്യതിയാനം മൂലം വിളകൾക്കു രോഗബാധ കൂടി. ഈ സീസണിൽ പടവലം കൃഷി ചെയ്തമിക്കവർക്കും അഞ്ചോ ആറോ തവണ മാത്രമാണു വിളവെടുപ്പു നടത്താൻ സാധിച്ചത്. ഇതിനു ശേഷം പഴുപ്പു ബാധിച്ചു പടവലം നശിക്കുകയാണ്. വഴുതനങ്ങ, അച്ചിങ്ങപ്പയർ, കോവയ്ക്ക തുടങ്ങിയവയുടെ ഉൽപാദനവും കുറഞ്ഞു.

മണ്ണിൽ പണിയെടുക്കുന്ന കർഷകൻ അധ്വാനിച്ച് ഏത്തവാഴക്കൃഷി നടത്തി ഒരു ഏത്തക്കുല ഉൽപാദിപ്പിക്കുമ്പോൾ ചെലവാകുന്നത് 250 രൂപയിലധികം. പക്ഷേ പലപ്പോഴും മുടക്കുമുതൽ പോലും ലഭിക്കാത്ത അവസ്ഥ. വാഴവിത്തു വാങ്ങി നടുന്നതു മുതൽ തുടങ്ങുന്നു ചെലവുകൾ. ഒരു വാഴവിത്തിനു കുറഞ്ഞത് 10 രൂപയെങ്കിലും വേണം. 10 മാസത്തിനുള്ളിൽ വളം, കീടനാശിനി തുടങ്ങിയവയുടെ ചെലവ് 125 രൂപയിലധികം. കൂലിച്ചെലവ് 100 രൂപ.

പാട്ടത്തിനെടുത്ത ഭൂമിയിലാണു കൃഷി നടത്തുന്നതെങ്കിൽ 10 രൂപ പാട്ടം. നട്ടു 10 മാസത്തിനുള്ളിൽ വാഴക്കുല വിളവെടുക്കുമ്പോൾ കർഷകന് 250 രൂപയിലധികം ചെലവാകും.

10 കിലോഗ്രാം തൂക്കമുള്ള വാഴക്കുല ലഭിച്ചാൽ കിലോഗ്രാമിനു 30 രൂപയെങ്കിലും കിട്ടിയാൽ മാത്രമേ ചെറിയ ലാഭമെങ്കിലും കിട്ടൂ. മിക്കപ്പോഴും ഇതു ലഭിക്കാറില്ല.

കൃഷി നടത്തുന്ന സമയത്തു കാറ്റ് ഉൾപ്പെടെ പ്രകൃതിക്ഷോഭം വന്നാൽ നഷ്ടം ഇരട്ടിയിലധികമാകും. ഈയവസ്ഥയിൽ എങ്ങനെ കൃഷി ചെയ്യുമെന്നു കർഷകർ ചോദിക്കുന്നു.

# ശബരിമല വിമാനത്താവളം സ്ഥലമെടുപ്പ് സാമൂഹികാഘാത പഠനം: അന്തിമ റിപ്പോർട്ട് സർക്കാരിന് കൈമാറി



**എരുമേലി:** ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമാണത്തിനുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് സാമൂഹികാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സർക്കാരിനു കൈമാറി.

അന്തിമ റിപ്പോർട്ട് പൊതുജനങ്ങൾക്കു പരിശോധിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിനു ശുപാർശകൾ സമർപ്പിക്കുന്നതിന് എംജി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷനൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് അസിസ്റ്റന്റ് പ്രഫസർ ഡോ. എം.വി.ബിജുലാൽ അധ്യക്ഷനായി ഏഴംഗ സമിതിയെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2 മാസത്തിനുള്ളിൽ സമിതി ഈ റിപ്പോർട്ട് പരിശോധിച്ച് സർക്കാരിനു ശുപാർശകൾ സമർപ്പിക്കും.

# വാഴക്കർഷകർക്ക് ആശ്വാസമായി കുള്ളൻ നേന്ത്രവാഴകൾ തയാറാകുന്നു



പീച്ചി : അഞ്ചാം മാസം കുലയ്ക്കും, എട്ടാം മാസം മൂപ്പെത്തിയ കുലവെട്ടി വിൽക്കാം! കുറഞ്ഞ സമയം കൊണ്ടു മികച്ച ലാഭം നൽകി വാഴക്കർഷകർക്ക് ആശ്വാസമാകാൻ കുള്ളൻ നേന്ത്രവാഴകൾ തയാറാകുന്നു. കാർഷിക സർവകലാശാലയുടെ കണ്ണാറയിലെ മാറായ്ക്കലിലുള്ള വാഴ ഗവേഷണ കേന്ദ്രത്തിൽ കുള്ളൻ നേന്ത്രവാഴകളിലുള്ള ഗവേഷണവും പരീക്ഷണവും വിജയമായി.കുള്ളൻ തെങ്ങ്, കുള്ളൻ കശുമാവ് എന്നിവയ്ക്കു പിന്നാലെയാണു കുള്ളൻ നേന്ത്രനും കർഷകരിലേക്കെത്തുന്നത്.  വാഴ ഗവേഷണ കേന്ദ്രത്തിൽ തയാറാക്കിയ വാഴത്തോട്ടത്തിൽ ഇതിനകം തന്നെ, ഒരാൾപ്പൊക്കമുള്ള കുള്ളൻ നേന്ത്രൻ കുലച്ചു. മഞ്ചേരി നേന്ത്രൻ എന്ന ഇനത്തിലാണു ഗവേഷണവും പരീക്ഷണവും നടത്തിയത്.

സാധാരണ നേന്ത്രവാഴ വച്ചാൽ! കുല വെട്ടിവിൽക്കാൻ ഒരു വർഷത്തോളം പരിപാലിച്ചു കാത്തിരിക്കണം. എന്നാൽ കുള്ളൻ നേന്ത്രൻ അഞ്ചാം മാസം കുലയ്ക്കും. എട്ടാം മാസത്തിൽ കുല വെട്ടാം. കാലം തെറ്റിപ്പെയ്യുന്ന മഴയും വെള്ളപ്പൊക്കവും കാരണം കൃഷി നശിച്ചു സാമ്പത്തിക നഷ്ടം നേരിടുന്ന കർഷകർക്കു കുള്ളൻ നേന്ത്രന്റെ ചുവടുപിടിച്ച് കൃഷിയെ ലാഭത്തിന്റെ പാതയിലെത്തിക്കാം. അധികം ഉയരം വയ്ക്കില്ലെന്നതിനാൽ! കാറ്റുവീഴ്ചയെ പേടിക്കേണ്ട. നല്ല വെയിലും ഒട്ടേറെ വെള്ളവും വേണമെന്നതിനാൽ മഴ പെയ്താലും ആശങ്ക വേണ്ട.

നിലവിൽ നേന്ത്രവാഴയിൽ മാത്രമാണു കുള്ളൻ കന്നുകൾ ഉള്ളത്. കുള്ളൻ നേന്ത്രനിൽ രോഗ പ്രതിരോധത്തിൽ ഉൾപ്പെടെ കൂടുതൽ പരീക്ഷണം തുടരുമെന്നും മറ്റു വാഴ ഇനങ്ങളിൽ കൂടി കുള്ളൻ വന്നാൽ വാഴക്കൃഷിയിൽ പുത്തൻ വിപ്ലവം സൃഷ്ടിക്കാനാകുമെന്നും വാഴ ഗവേഷണ കേന്ദ്രം മേധാവിയും രോഗശാസ്ത്ര വിദഗ്ധയുമായ പ്രഫ.ഡോ.വിമി ലൂയിസ് പറഞ്ഞു.

കാർഷിക സർവകലാശാലയും ചോക്ലേറ്റ് നിർമാതാക്കളായ കാഡ്ബറീസുമായുള്ള സഹകരണത്തിൽ സർവകലാശാലയിൽ നടക്കുന്ന കൊക്കോ റിസർച് സ്റ്റേഷനിൽ ഗുണമേന്മയേറിയ 6 കൊക്കോ ഇനങ്ങൾ കൂടി. സർക്കാർ അംഗീകാരത്തോടെ ഇവ ഉടൻ പുറത്തിറങ്ങും. ഇതുവരെ 15 ഗുണമേന്മയുള്ള ഇനങ്ങൾ ഇവിടെ വികസിപ്പിച്ചിട്ടുണ്ട്.

1987ലാണു കാർഷിക സർവകലാശാലയും മോണ്ടെലെസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കാഡ്ബറീസ് ഇന്ത്യയുമായി കാർഷിക സർവകലാശാല സഹകരണം തുടങ്ങിയത്. രാജ്യത്ത് ആദ്യത്തെ സർക്കാർ സ്വകാര്യ ഗവേഷണ സംരംഭമാണിതെന്നു കാർഷിക സർവകലാശാല പ്രഫസർ ഡോ. ബി. സുമ പറഞ്ഞു. സർവകലാശാലയിൽ 20 രാജ്യങ്ങളിൽ നിന്നുള്ള കൊക്കോ ചെടികളുടെ ശേഖരം ഉണ്ട്.

കർഷകർക്ക് ഏതു സമയത്തും ധൈര്യമായി കൃഷി ചെയ്യാവുന്നതാണു കൊക്കോ ഒരു കിലോഗ്രാം കൊക്കോ ബീൻസിനു കർഷകന് 200 രൂപയോളം ലഭിക്കും. ഇതു സ്ഥിരമായ വില തന്നെയാണ്. രാജ്യത്തു പ്രതിവർഷം 70,000 മെട്രിക് ടൺ കൊക്കോ ആവശ്യമുണ്ട്. ഇതിൽ 25,000 മുതൽ 35,000 മെട്രിക് ടൺ മാത്രമാണ് ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നത്.

ഉഷ്ണമേഖലാ സസ്യമായ കൊക്കോ കേരളത്തിന്റെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിളയാണെന്ന് ഡോ.സുമ പറഞ്ഞു. തെങ്ങ്, കവുങ്ങ്, റബർ എന്നിവയുടെ ഇടവിളയായി കൃഷി ചെയ്യാം. വർഷം മുഴുവൻ പൂക്കുകയും കായ്കൾ ഉണ്ടാവുകയും ചെയ്യുന്ന ഒരു വിള എന്ന നിലയിൽ കർഷകനു ക്രമമായ വരുമാനം ഉറപ്പാക്കുന്നു. പുതിയതായി കൊക്കോ കൃഷിയിലേക്ക് ഇറങ്ങാൻ ജൂലൈ ഏറ്റവും അനുയോജ്യമായ സമയമാണ്.

ഗുണനിലവാരമുള്ള തൈകൾ കാർഷിക സർവകലാശാല പോളിക്ലോണൽ സീഡ് ഗാർഡൻ എന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.    ഈ പോളിക്ലോണൽ ഹൈബ്രിഡ് തൈകൾ കാർഷിക സർവകലാശാലയുടെ കൊക്കോ ഗവേഷണ കേന്ദ്രത്തിലും കാഡ്ബറി (മൊണ്ടേലീസ്) അംഗീകൃത നഴ്സറികളിലും ലഭ്യമാണ്

## പൊതുവിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴിയൊരുക്കി: മന്ത്രി വീണാ ജോർജ്



**പത്തനംതിട്ട:** സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല വലിയ രീതിയിൽ മുന്നേറുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴിയൊരുക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. വള്ളംകുളം ഗവ. ഡി.വി. എൽ.പി സ്കൂളിലെ പ്രീ  സ്കൂൾ വിദ്യാലയ നവീകരണ പദ്ധതി വർണക്കൂടാരം മഴവില്ല് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

കുട്ടികൾക്ക് മികച്ച പഠന അവസരങ്ങൾ ലഭിക്കുന്നതിന് സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും പാഠ്യപദ്ധതി പരിഷ്കരണത്തിന് ആവശ്യമായ ഇടപെടലുകളും സർക്കാർ നടത്തി. കുട്ടികളുടെ  ഭൗതിക, ശാരീരിക, മാനസിക വളർച്ച നിർണയിക്കുന്ന പ്രീ സ്കൂൾ കാലഘട്ടത്തിലെ  വിദ്യാഭ്യാസത്തിന് സർക്കാർ വലിയ പ്രാധാന്യമാണ്  നൽകുന്നത്. കൂടുതൽ സ്കൂളുകളിൽ പ്രീ സ്കൂൾ പദ്ധതി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൊതുവിദ്യാലയ ശാക്തീകരണ പദ്ധതിക്ക് പ്രീ സ്കൂൾ വിദ്യാലയ നവീകരണ പദ്ധതി വലിയ പിന്തുണയാണ് നൽകുന്നത്. വർണകൂടാരം മഴവില്ല് പദ്ധതിയിലൂടെ ഗവൺമെന്റ് ഡി.വി.എൽ.പി സ്കൂളിന്റെ അന്തരീക്ഷം ശിശു സൗഹൃദപരമായി മാറ്റപ്പെട്ടു.

കുട്ടികളുടെ കൗതുകത്തെ ഉണർത്തുന്നതിനും ബൗദ്ധിക വളർച്ചയെ പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രീയമായ ഇടങ്ങളും സ്കൂളിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. അഡ്വ. കെ. അനന്തഗോപൻ പല്ലാങ്കുഴി ഉദ്ഘാടനം ചെയ്തു. എസ്എസ്കെ ഡിപിഒ എസ്. സുജമോൾ പദ്ധതി വിശദീകരിച്ചു. സ്റ്റാർസ് പദ്ധതി പ്രകാരം എസ്എസ് കെ 10 ലക്ഷം രൂപ ഫണ്ട് വിനിയോഗിച്ചാണ് പ്രീ പ്രൈമറി വർണക്കൂടാരം മഴവില്ലും, ഒരു ലക്ഷം രൂപ വിനയോഗിച്ച് പല്ലാങ്കുഴി പ്രോജക്ടും നിർമിച്ചത്. സംസ്ഥാനത്ത് കുട്ടികൾക്ക്  ഏറ്റവും മികച്ച പ്രീ സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ശിക്ഷാ കേരളം പ്രീ സ്കൂൾ വിദ്യാഭ്യാസം മികച്ചതാക്കുന്നതിന് വർണക്കൂടാരം എന്ന പരിപാടി നടപ്പാക്കുന്നത്. പ്രീ സ്കൂളിന്റെ അകവും പുറവും കുട്ടിക്ക് സമൃദ്ധമായ അനുഭവങ്ങൾ ലഭിക്കാൻ പര്യാപ്തമാക്കുന്നതിന് വർണക്കൂടാരം പദ്ധതിയുടെ ഭാഗമായി 12 ഇടങ്ങൾ സ്കൂളിൽ ക്രമീകരിച്ചിട്ടുണ്ട്.

കെ.ബി. ശശിധരൻ പിള്ള വൈസ് പ്രസിഡന്റ് സാലി ജേക്കബ്, ജില്ലാ പഞ്ചായത്തംഗം ജിജി മാത്യു, എൻ.എസ്. രാജീവ്, സിഡബ്ല്യുസി ചെയർമാൻ അഡ്വ. എൻ. രാജീവ്, ഗ്രാമപഞ്ചായത്ത്  അംഗങ്ങളായ അനിൽ ബാബു, കെ.കെ. വിജയമ്മ, അമ്മിണി ചാക്കോ, ത്രേസ്യാമ്മ കുരുവിള, സിപിഐഎം ഏരിയ സെക്രട്ടറി പി.സി. സുരേഷ് കുമാർ, എസ്എസ്കെ ഡിപിഒ എ.കെ. പ്രകാശ്, പുല്ലാട് എഇഒ ബി.ആർ. അനില, പുല്ലാട് ബിപിസി എൻ.എസ്. ജയകുമാർ, സ്കൂൾ ഹെഡ്മിസ്ട്രസ് എം.സി. മിനിമോൾ, എസ്.എം.സി പ്രസിഡന്റ് സജീവ് കെ ഒട്ടത്തിൽ തുടങ്ങിയവർ പങ്കെടുത്തു.

## മുട്ട ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തത നേടി

**പത്തനംതിട്ട:**  മുട്ട ഉത്പാദനത്തിൽ കേരളം സ്വയം പര്യാപ്തത നേടിയെന്ന്  മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. ചില ഭക്ഷ്യവസ്തുക്കൾക്ക് മറ്റ്  സംസ്ഥാനങ്ങളെ ആശ്രയിക്കണ്ടി വരുന്ന നമുക്ക് മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണന്നും മന്ത്രി പറഞ്ഞു.

കടമ്പനാട് കെആർകെപിഎം ബോയ്സ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ  കുഞ്ഞുകൈകളിൽ കോഴികുഞ്ഞ് പദ്ധതിയുടെ  വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

സ്കൂൾ വിദ്യാർഥികളിൽ കോഴി വളർത്തൽ സംസ്കാരം വളർത്തിയെടുക്കാനും മുട്ട ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുമാണ് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കുന്നത്.

കുട്ടികളിൽ കോഴിവളർത്തലിനുള്ള  താല്പര്യം വർധിപ്പിച്ച് അവരിൽ സ്വാശ്രയ ശീലവും സമ്പാദ്യശീലവും വളർത്തി കോഴിമുട്ട ഉൽപാദനം വർധിപ്പിക്കുക, കുട്ടികൾക്കാവശ്യമായ ഭക്ഷണത്തിൽ കോഴിമുട്ടയുടെ ലഭ്യത ഉറപ്പാക്കി അർപ്പണബോധവും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക, ഇതുവഴി കോഴിവളർത്തൽ രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് കുഞ്ഞുകൈകളിൽ കോഴികുഞ്ഞ് പദ്ധതി ഉപകരിക്കുമെന്നും മണ്ഡലത്തിലെ മറ്റു സ്കൂളുകളിലും പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമെന്നും അധ്യക്ഷത വഹിച്ച ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു.

ചടങ്ങിൽ കടമ്പനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിയങ്ക പ്രതാപ്, ജില്ലാ പഞ്ചായത്ത് അംഗം ശ്രീനാദേവികുഞ്ഞമ്മ, കടമ്പനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, മണിയമ്മ മോഹൻ, എസ്.കെ. അനിൽകുമാർ, അഡ്വ. ഷൺമുഖൻ, സ്കൂൾ മാനേജർ ശ്രീലക്ഷ്മി പ്രിൻസിപ്പൽ എസ്. റാഫി, ഹെഡ്മിസ്ട്രസ് ആർ. സുജാത തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

# എഐ അധിഷ്ഠിത മെഡിക്കൽ ഡെസ്പാച്ച് സംവിധാനത്തിനു കോഴിക്കോട്ട് തുടക്കം




**കോഴിക്കോട്:** ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന അതിനൂതന മെഡിക്കൽ ഡെസ്പാച്ച് സംവിധാനത്തിന് കോഴിക്കോട്ട് തുടക്കമായി. ഡിഎം ഹെൽത്ത് കെയർ ചെയർമാൻ ഡോ. ആസാദ് മൂപ്പൻ ഉദ്ഘാടനം നിർവഹിച്ചു. ആസ്റ്റർ മിംസ് ആശുപത്രി നോഡൽ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് ഉത്തരകേരളത്തിലെ അൻപതോളം ആശുപത്രികളിൽ ഏത് അടിയന്തര സാഹചര്യത്തിലും ഏറ്റവും കുറഞ്ഞ സമയത്തിൽ മികച്ച ചികിത്സ ലഭ്യമാക്കാൻ ഇതുവഴി കഴിയും. ഫൈവ് ജി സാറ്റലൈറ്റ് സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അടിസ്ഥാനമാക്കിയാണ് മെഡിക്കൽ ഡെസ്പാച്ച് സംവിധാനം പ്രവർത്തിക്കുക.

ആർആർആർഎന്ന ചുരുക്കപ്പേരിൽ അവതരിപ്പിക്കുന്ന ഈ അടിയന്തര വൈദ്യ സഹായ രീതി 75103 55666 എന്ന നമ്പറിൽ വിളിച്ചാൽ ലഭ്യമാകും. ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ വിവിധ ഘട്ടങ്ങളിലുള്ള വൈദ്യസഹായം ഏകോപിപ്പിക്കുന്ന ഡെസ്പാച്ച് സംവിധാനം ആരംഭിക്കുന്നതെന്ന് അധികൃതർ പറയുന്നു.

അത്യാഹിത സാഹചര്യങ്ങളിൽ അടിയന്തരമായി വൈദ്യസഹായം ലഭ്യമാക്കുക, തൊട്ടടുത്തുള്ള മെഡിക്കൽ സംവിധാനങ്ങളിൽ നിന്നും ചികിത്സ ലഭ്യമാക്കുക (പ്രൈമറി കെയർ), അത്യാധുനിക സംവിധാനങ്ങൾ ലഭ്യമാകുന്ന ഹോസ്പിറ്റലിൽ രോഗിയെ സുരക്ഷിതമായി എത്തിക്കുന്നതു വരെ വാഹനത്തിൽ ചികിത്സ നൽകുക(ട്രാൻസ്പോർട്ട് കെയർ), ഹോസ്പിറ്റലിൽ അടിയന്തരമായി ലഭിക്കേണ്ട ചികിത്സ (ഡെസ്റ്റിനേഷൻ കെയർ) എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലായി വൈദ്യസഹായത്തിന്റെ വിവിധ തലങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണിത്.

കോഴിക്കോടും സമീപ ജില്ലകളിലും ഏത് ആശുപത്രിയിലെയും അത്യാഹിത വിഭാഗത്തിലെ ഡോക്ടർമാർ ഈ ശൃംഖലയുടെ ഭാഗമാകുന്നതോടെ എല്ലാ രോഗികൾക്കും അടിയന്തര ജീവൻ രക്ഷാസഹായം നൽകാൻ സാധിക്കും. ആവശ്യമെങ്കിൽ മെഡിക്കൽ കോളജിലേക്ക് ഉൾപ്പെടെയുള്ള പ്രധാന കേന്ദ്രങ്ങളിലേക്ക് സുരക്ഷിതമായി എത്തുന്നതു വരെ രോഗി ആസ്റ്റർ മിംസിലെ മെഡിക്കൽ ഡെസ്പാച്ച് സിസ്റ്റത്തിന്റെയും അതിന്റെ ചുമതലയുള്ള ഡോക്ടറുടെയും മേൽനോട്ടത്തിൽ ആയിരിക്കും.

## ക്വട്ടേഷനുകൾ ക്ഷണിച്ചു

**കോഴിക്കോട്:** ബേപ്പൂർ തുറമുഖത്തെ കാന്റീൻ ഒരു വർഷത്തേക്കുള്ള നടത്തിപ്പിനായി പ്രതിമാസ ലൈസൻസ് ഫീസടിസ്ഥാനത്തിൽ നൽകുന്നതിന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു.

ക്വട്ടേഷനുകൾ ജൂലൈ 15 ന് ഉച്ചയ്ക്ക് 12 മണി വരെ ബേപ്പൂർ പോർട്ട് ഓഫീസിൽ സ്വീകരിക്കും. ക്വട്ടേഷനുകളോടൊപ്പം പോർട്ട് ഓഫീസറുടെ പേരിൽ 5,000 രൂപയുടെ ദേശസാത്കൃത ബാങ്കിൽ നിന്നെടുത്ത ഡിമാൻഡ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്യേണ്ടതാണ്. അന്നേ ദിവസം 12 മണി വരെ ലഭിക്കുന്ന ക്വട്ടേഷനുകൾ വൈകിട്ട് മൂന്ന് മണിയ്ക്ക് തുറക്കും. കൂടുതൽ വിവരങ്ങൾക്ക് : 0495 2414863

## കൂടിക്കാഴ്ച

**കോഴിക്കോട്:** ഗവ. മെഡിക്കൽ കോളേജിൽ ശ്രുതിതരംഗം പദ്ധതിക്ക് കീഴിൽ ഒഴിവുള്ള സ്പീച്ച് തെറാപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷ കാലയളവിലേക്ക് നിയമനം നടത്തുന്നു.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, യോഗ്യത, ഐഡന്റിറ്റി ഇവ തെളിയിക്കുന്ന രേഖകളുടെ അസലും പകർപ്പുകളും സഹിതം ജൂലൈ 12ന് രാവിലെ 10.30ന് മെഡിക്കൽ കോളേജ് ഓഫീസിൽ കൂടിക്കാഴ്ചയ്ക്കായി ഹാജരാകേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. യോഗ്യത: ബി എ എസ് എൽ പി അല്ലെങ്കിൽ പിജി ഡിപ്ലോമ ഇൻ ഓഡിറ്ററി വെർബൽ തെറാപ്പി, ആർ സി ഐ റജിസ്ട്രേഷൻ. പ്രതിമാസ വേതനം: മൊത്ത വേതനം 22,290 രൂപ. പ്രായപരിധി : 1836. നിയമാനുസൃതമായ ഇളവുകൾ അനുവദനീയമാണ്.



# ബാരാപോൾ ജലവൈദ്യുതി പദ്ധതി പ്രതിസന്ധി തീർക്കാൻ സർക്കാർ ഇടപെടണം: വികസന സമിതി

**ഇരിട്ടി:** ബാരാപോൾ മിനി ജലവൈദ്യുതി പദ്ധതി കനാലിൽ വൻ ചോർച്ച കണ്ടെത്തിയതിനെ തുടർന്നു വൈദ്യുതി ഉൽപാദനം നിർത്തിവയ്ക്കേണ്ടി വന്ന പ്രതിസന്ധിയും വീടുകളുടെ ഭീഷണിയും പരിഹരിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് താലൂക്ക് വികസന സമിതി യോഗം. കനാൽ ചോർച്ചയെ തുടർന്നു റിന്നി പല്ലാട്ട് ഉൾപ്പെടെ ഉള്ള കുടുംബങ്ങൾ നേരിടുന്ന ഭീഷണി സിപിഐ അംഗ ബാബുരാജ് പായം ആണു ഉന്നയിച്ചത്.

താഴ്‌വശത്ത് താമസിക്കുന്ന 3 വീടുകളാണ് കനാൽ ചോർച്ചയുടെ ഭീഷണി നേരിടുന്നതെന്നും ഇതിൽ ഏറ്റവും കൂടുതൽ അപകട സാഹചര്യത്തിലുള്ള കുറ്റ്യാനിക്കൽ ബിനോയിയുടെ കുടുംബത്തെ അവരുടെ ആവശ്യങ്ങൾ സംബന്ധിച്ചു ഉറപ്പ് നൽകി താൽക്കാലികമായി മാറ്റി പാർപ്പിച്ചു പ്രതിസന്ധി പരിഹരിക്കാവുന്നതാണെങ്കിലും കെഎസ്ഇബി ഗൗരവത്തോടെ ഇടപെടുന്നില്ലെന്നു അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

മാസം 6000 രൂപ വീട് വാടക ചെലവ് വരുന്നിടത്താണു പ്രതിദിനം 10 . 16 ലക്ഷം നഷ്ടം കെഎസ്ഇബി നഷ്ടം വരുത്തുന്നത്. വൈദ്യുതി ഉൽപാദനം ആരംഭിക്കാത്ത സാഹചര്യത്തിലാണ് ഈ നഷ്ടം. കെഎസ്ഇബി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും പ്രതിസന്ധികൾ അടിയന്തരമായി പരിഹരിച്ചു വൈദ്യുതി ഉൽപാദനം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കണമെന്ന് ചീഫ് എൻജിനീയറോടു ഉൾപ്പെടെ ആവശ്യപ്പെടുകയും ചെയ്തിരുന്നതായി സണ്ണി ജോസഫ് എംഎൽഎ ചൂണ്ടിക്കാട്ടി. തുടർനടപടികൾ ഉണ്ടായില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

## നെടുംകണ്ടം പോളിടെക്നിക്കിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം കോഴ്സുകൾ നടത്തുന്നു

**നെടുംകണ്ടം:** നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജിൽ പത്താം ക്ലാസ്സ്, പ്ലസ്‌വൺ, പ്ലസ്ടു, ഡിഗ്രി വിദ്യാർഥികൾക്കായി ഒരാഴ്ചത്തെ ഇന്റേൺഷിപ് പ്രോഗ്രാം നടത്തുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മൊബൈൽ സർവീസ് ടെക്നിഷ്യൻ, ഇന്റർനെറ്റ് ഓഫ് തിങ്സ് ആൻഡ് റോബോട്ടിക്സ് എന്നീ കോഴ്സുകളിലേക്കാണ് ലബോറട്ടറി സംവിധാനങ്ങൾ ഉപയോഗിച്ച് പരിശീലനം നൽകുന്നത്. പരിശീലനം പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.

കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലും ഇൻഡസ്ടറി ഓൺ ക്യാമ്പസും സംയുക്തമായിട്ടാണ് കോഴ്സുകൾ നടത്തുന്നത്. ഒരാഴ്ചത്തെ കോഴ്സിന് 1250 രൂപയാണ് പ്രവേശന ഫീസ്.2023 ജൂലൈ 17 മുതൽ 22 വരെ നടക്കുന്ന ഇന്റേൺഷിപ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ജൂലൈ 15 ന് മുൻപായി രജിസ്റ്റർ ചെയ്യുക. വിശദവിവരങ്ങൾക്ക്: 7902583454, 9497282788.

## വയോജന സേവന അവാർഡിന് അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്ന സർക്കാർ/സർക്കാരിതര വിഭാഗങ്ങൾക്കും, വിവിധ കലാകായിക സാസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരൻമാർക്കും വയോജന സേവന അവാർഡിന് അപേക്ഷ ക്ഷണിച്ചു.ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എൻ ജി ഒ,ഇൻസ്റ്റിറ്റ്യൂഷൻ, ഗവ.വൃദ്ധ സദനം, വ്യക്തികൾ എന്നിവർ പൂരിപ്പിച്ച അപേക്ഷകൾ ജൂലൈ 30 നുള്ളിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ എത്തിക്കുക.ഫോൺ 04872321702.

## കലാകാര പെൻഷനും ചികിത്സാ ധനസഹായത്തിനും ഓൺലൈൻ അപേക്ഷ

**തിരുവനന്തപുരം:** കേരള സർക്കാർ സാംസ്കാരിക വകുപ്പ് മുഖേന 60 വയസ് കഴിഞ്ഞ അവശകലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും നൽകുന്ന കലാകാരപെൻഷൻ, ചികിത്സാ ധനസഹായം എന്നിവയ്ക്ക് ജൂലൈ 10 മുതൽ ഓൺലൈനിൽ അപേക്ഷ നൽകണം. www.culturedirectorate@kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്.

## അപേക്ഷ സമർപ്പണ തീയതി നീട്ടി

**തിരുവനന്തപുരം:** ഗവ. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തുന്ന സെക്രട്ടേറിയൽ പ്രാക്ടീസ് ഡിപ്ലോമ കോഴ്സിലേക്ക് 202324 അധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പണ തീയതി ജൂലൈ 15 വരെ നീട്ടി.

## ലേലം അറിയിപ്പ്

**ചാലക്കുടി:** തെക്കുംമുറി വില്ലേജ് ഓഫീസിൽ അക്രിലിക് ഉപയോഗിച്ചുള്ള ഡിസ്പ്ലേ സ്റ്റാൻഡ്, ഫർണ്ണിച്ചർ, സൈൻ ബോർഡ്, കിയോസ്ക് തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള മെഷീനറികൾ ജൂലൈ 19ന് രാവിലെ 11 മണിക്ക് ലേലം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0480 2705800.

# കരുത്തോടെ കമുകുകൃഷി

കമുകുകൃഷിയിൽ കർഷകർക്കു താൽപര്യമേറുന്നു. വിലയിടിഞ്ഞ വിളകൾ പലതും വെട്ടിനീക്കി കൂടുതൽ കർഷകർ കമുകുകൃഷിയിലേക്കു മാറുകയാണ്. ഈ സാഹചര്യത്തിൽ ശാസ്ത്രീയ പരിപാലനവും ഉൽപാദന വർധനയ്ക്കുള്ള ഉപാധികളും ഭാവിസാധ്യതകളും സംബന്ധിച്ചു കർഷകർ അറിഞ്ഞിരിക്കണം.

മാതൃവൃക്ഷങ്ങളുടെ എണ്ണം പരിമിതമായതുകൊണ്ട് ചില ഇനങ്ങളുടെ നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നതിന് സിപിസിആർഐയ്ക്കു പരിമിതികളുണ്ട്. ഈ സാഹചര്യം മുതലെടുത്ത് പലരും സിപിസിആർഐ അംഗീകൃതം എന്ന ലേബലിൽ തൈകൾ കർഷകർക്ക് വിൽക്കുന്നതായി റിപ്പോർട്ടുണ്ട്. കർഷകർ ഇതു പ്രത്യേകം ശ്രദ്ധിക്കണം. മാതൃവൃക്ഷങ്ങളുടെ എണ്ണം വളരെക്കുറച്ചു മാത്രമായതുകൊണ്ട് കുറിയ സങ്കരയിനങ്ങളായ VTLAH1, VTLAH2 എന്നീ ഇനങ്ങളുടെ തൈകൾ കുറച്ചു മാത്രമേ സിപിസിആർഐ വിറ്റൽ പ്രാദേശികകേന്ദ്രത്തിൽനിന്നു കൊടുക്കാൻ കഴിയുന്നുള്ളൂ. വിറ്റൽ പ്രാദേശികകേന്ദ്രത്തിൽനിന്നും കർണാടകയിൽതന്നെയുള്ള കിഡു ഉപകേന്ദ്രത്തിൽ നിന്നുമാണ് നടീൽവസ്തുക്കൾ കർഷകർക്കു നൽകുന്നത്.



പത്തു വർഷത്തിനുമേൽ പ്രായമുള്ളതും നേരത്തേ കായ്ച്ചു തുടങ്ങിയതും നന്നായി അടയ്ക്ക പിടിക്കുന്നതുമായ കമുകുകളാണ് വിത്തടയ്ക്ക ശേഖരിക്കാനുള്ള മാതൃവൃക്ഷമായി തിരഞ്ഞെടുക്കേണ്ടത്. നവംബർ മുതൽ ഫെബ്രുവരിവരെ മാസങ്ങളിൽ ശേഖരിച്ച, നന്നായി വിളഞ്ഞു പാകമായതും 35 ഗ്രാമിലധികം തൂക്കമുള്ളതുമായ അടയ്ക്കകൾ പാകാം.

പറിച്ചെടുത്ത ഉടനെ പാകണം. ഒന്നര മീറ്റർ വീതിയിലും സൗകര്യപ്രദമായ നീളത്തിലും തയാറാക്കിയ തവാരണകളിലാണ് 5 സെ.മീ. അകലത്തിൽ കണ്ണ് വരത്തക്കവിധത്തിൽ പാകേണ്ടത്. 3 മാസം പ്രായമെത്തുന്നതോടെ പ്രാഥമിക നഴ്സറിയിൽനിന്നു തൈകൾ ദ്വിതീയ നഴ്സറിയിലേക്ക് മാറ്റി നടണം. നന്നായി പൊടിഞ്ഞ ചാണകപ്പൊടി സെന്റ് ഒന്നിന് 20 കിലോ എന്ന തോതിൽ ചേർത്തു തയാറാക്കിയ ദ്വിതീയ നഴ്സറിയിൽ 30 സെ.മീറ്റർ അകലത്തിലാണ് തൈകൾ മാറ്റി നടേണ്ടത്. ദ്വിതീയ നഴ്സറിക്കു പകരം 25ത15 സെ.മീറ്റർ വലുപ്പവും 150 ഗേജ് കട്ടിയുമുള്ള പോളിത്തീൻ ബാഗുകളിൽ മേൽമണ്ണും ചാണകപ്പൊടിയും മണലും 7:3:2 അനുപാതത്തിൽ നിറച്ച ശേഷം തൈകൾ നടാം.

തൈകൾ തമ്മിൽ നിർദേശിക്കുന്ന അകലം 2.7 മീ. ഃ 2.7 മീ. ആണ്. 2 തൈകൾ തമ്മിൽ 9 അടി അകലം, ഈ അകലത്തിൽ ഒരേക്കറിൽ 550 തൈകൾ നടാം. സൂര്യാഘാതം തടയുന്നതിനായി തെക്കു വടക്കു വരികൾ പടിഞ്ഞാറ് ദിശയിലേക്ക് 35ത്ഥ ചരിച്ചു ക്രമീകരിക്കണം. മേയ്ജൂൺ മാസത്തിൽ കാലവർഷാരംഭത്തോടെ തൈകൾ നടാം. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ സെപ്റ്റംബറിൽ നടുന്നതാണ് നല്ലത്. 90 സെ.മീ. വീതം നീളവും വീതിയും ആഴവും ഉള്ള കുഴികളെടുത്താണ് തൈ നടേണ്ടത്. ഇങ്ങനെ തയാറാക്കിയ കുഴിയുടെ 50 സെ.മീ. വരെ മേൽമണ്ണും ചാണകപ്പൊടിയും മണലും ചേർത്ത് മൂടണം. അതിനു ശേഷം കുഴിയുടെ നടുവിലായി തൈ നട്ട് കടഭാഗത്തിനു ചുറ്റും മണ്ണ് നേരിയ തോതിൽ അമർത്തി വയ്ക്കണം.

കൃത്യമായ ആവർത്തനക്കൃഷി മിക്ക കമുകുതോട്ടങ്ങളിലും അനുവർത്തിക്കാറില്ല. പല കാരണങ്ങളാൽ കമുകുകൾ നശിക്കുമ്പോൾ പകരം പല ഘട്ടങ്ങളിലായി തൈകൾ നടുകയാണ് പതിവ്, അതുകൊണ്ടുതന്നെ പല പ്രായത്തിലും ഉയരത്തിലുമുള്ള മരങ്ങൾ ഒരേ തോട്ടത്തിൽ കാണാം. ഇത് ഉൽപാദനക്ഷമതയെ ബാധിക്കും. പ്രായാധിക്യവും രോഗ,കീടബാധയും മൂലം വിളവു തീരെ നശിച്ച മരങ്ങൾ മുറിച്ചു മാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിക്കുമ്പോൾ കൃത്യമായ അകലം പാലിക്കുക.

നല്ല വിളവിനു സന്തുലിത വളപ്രയോഗം പ്രധാനം. നനയ്ക്കുന്ന തോട്ടങ്ങളിൽ രാസവളപ്രയോ ഗം രണ്ടു തുല്യ ഗഡുക്കളായി നടത്താം. ശുപാർശിത അളവിന്റെ പകുതി ഫെബ്രുവരി മാസത്തിൽ തടത്തിൽ വിതറി മണ്ണുമായി ചേർത്തു കൊടുക്കണം. കമു കിനു ചുറ്റും ഒരു മീറ്റർ വീതിയും 15 മുതൽ 25 സെന്റിമീറ്റർ വരെ ആഴവുമുള്ള തടം തുറന്ന് പച്ചില വളവും ജൈവവളവും ചേർക്കുന്നതിനോടൊപ്പം ബാക്കി രാസവളവും നൽകണം.

മൂന്നു വർഷത്തിനുമേൽ പ്രായമുള്ള കമുകൊന്നിന് പ്രതിവർഷം 100 ഗ്രാം നൈട്രജൻ, 40 ഗ്രാം ഫോസ്ഫറസ്, 140 ഗ്രാം പൊട്ടാഷ് എന്നീ അളവിലാണ് ശുപാർശ. ഇതിനായി 200 ഗ്രാം യൂറിയ, 200 ഗ്രാം രാജ്ഫോസ്, 230 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങൾ നൽകിയാൽ മതിയാകും. ശുപാർശ ചെയ്തിട്ടുള്ള അളവിന്റെ മൂന്നിലൊന്ന് തൈ നട്ട് ഒന്നാം വർഷവും മൂന്നിൽ രണ്ടുഭാഗം രണ്ടാം വർഷവും മൂന്നാം വർഷം മുതൽ മുഴുവൻ അളവ് രാസവളങ്ങളും നൽകണം.

വെള്ളം കിട്ടാതെയുള്ള വരൾച്ചസമാന സാഹചര്യം കമുകിന്റെ വളർച്ചയെയും ഉൽപാദനത്തെയും ബാധിക്കും. നവംബർ ,ഡിസംബർ മാസത്തിൽ ആഴ്ചയിലൊരിക്കലും ജനുവരി ഫെബ്രുവരി മാസങ്ങളിൽ 6 ദിവസത്തിലൊരിക്കലും മാർച്ച് മുതൽ മേയ് വരെ 4 ദിവസത്തിലൊരിക്കലും നനയ്ക്കണം. ഓരോ തവണ നനയ്ക്കുമ്പോഴും മരമൊന്നിന്ന് 175 മുതൽ 200 ലീറ്റർ വെള്ളം ലഭിക്കണം.

# കാന്താരിവില കിലോയ്ക്ക് 600 രൂപ

**കോലഞ്ചേരി:** വി.വി.ഐ.പി പട്ടികയിൽ ഇടം നേടിയ കാന്താരി മുളക് വില 600 കടന്നു. ഡിമാൻഡ് കൂടിയതോടെയാണ് വിലക്കയറ്റം. 500400 രൂപയിൽ നിന്നുള്ള വിലയാണ് ഉയരുന്നത്. ശരീരത്തിലെ കൊളസ്ട്രോളിനുള്ള നാടൻ പ്രതിവിധി എന്നതാണ് കാന്താരിയെ വിപണിയിലെ കുഞ്ഞൻ താരമാക്കിയത്. ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലെങ്കിലും കാന്താരി വാങ്ങുന്നവരുടെ രഹസ്യ അജണ്ട കൊളസ്ട്രോൾ കുറയ്ക്കുക തന്നെയാണ്.



നാടൻ വിഭവമായ കപ്പ നഗരത്തിലെ ഫൈവ് സ്റ്റാർ ഹോട്ടൽ മെനുവിൽ ഇടം പിടിച്ചതോടെ കാന്താരിച്ചമ്മന്തിയും സ്റ്റാറാണ്.അതേസമയം വില കുതിച്ചിട്ടും കേരളത്തിൽ കാര്യമായി കാന്താരി കൃഷി ചെയ്യാൻ കർഷകർ മുന്നോട്ട് വരാത്ത സ്ഥിതിയാണ്. പലരും ഇഞ്ചി കൃഷിക്കും മറ്റും ഇടവിളയായാണ് കാന്താരി കൃഷി ചെയ്യുന്നത്. വിപണിയിൽ ഉയർന്ന വില ലഭിക്കാറുണ്ടെങ്കിലും മാറിമറിയുന്ന വിലയും ചെടികളുടെ ലഭ്യതക്കുറവുമാണ് കർഷകരെ പിന്നോട്ടടിപ്പിക്കുന്നത്.

എല്ലാ സീസണിലും കാന്താരിക്ക് ഡിമാൻഡ് ഉണ്ടെങ്കിലും വിപണിയിൽ ആവശ്യത്തിന് എത്തുന്നില്ലെന്ന് കച്ചവടക്കാരും പറയുന്നു.കേരളത്തിനു പുറമേ മേഘാലയയിലും തമിഴ്നാട്ടിലും കാന്താരികൃഷിയുണ്ട്. മുളക് വർഗത്തിലെ കുഞ്ഞനാണെങ്കിലും എരിവിൽ മുന്നിലാണ് കാന്താരി. വെള്ള, നീല, പച്ച, വയലറ്റ് നിറങ്ങളിൽ കാന്താരിയുണ്ട്. ഇതിൽ പച്ചയ്ക്കാണ് ആവശ്യക്കാരേറെയും. സാധാരണ നടാതെ വിത്തുകൾ വീണാണ് കാന്താരി വളരുന്നത്, എന്നാൽ വർഷം തോറും വില റോക്കറ്റിലേറിയതോടെ നാട്ടിൻ പുറങ്ങളിൽ കൃഷിയും തുടങ്ങിയിട്ടുണ്ട്.




## ഷൊർണൂർ റെയിൽവേ സ്റ്റേഷന് വികസനത്തിൻെറ ഗ്രീൻ സിഗ്നൽ

**ഷൊർണൂർ:** ജംഗ്ഷൻ റെയിൽവേ സ്റ്റേഷന് വികസനത്തിൻെറ ഗ്രീൻ സിഗ്നൽ. അവഗണനയുടെ പാളങ്ങളിൽ വികസനത്തിൻെറ പച്ച വെളിച്ചം കാത്തിരുന്ന ഷൊർണൂരിന് ഇനി പുതിയ മുഖശ്രീ ലഭിക്കും.

സ്റ്റേഷനു മുൻ വശം സ്ഥലം കുറവായതിനാൽ മുടങ്ങിയ വികസന പ്രവർത്തനങ്ങൾ പരിഹരിക്കും വിധം സമഗ്ര വികസന പദ്ധതിക്ക് അനുമതിയായിക്കഴിഞ്ഞു.

റെയിൽവേ സ്റ്റേഷനു മുൻവശത്തെ റോഡ് ഉൾപ്പെടെ ഏറ്റെടുത്താണ് സൗകര്യങ്ങൾ വർധിപ്പിക്കുന്നത്. നിലവിലെ റോഡ് വെറ്ററിനറി കോംപ്ലക്സിന് സമീപം നിന്നു ഗതി മാറ്റി കൂനൻ മുക്ക് ഭാഗത്ത് എത്തിക്കും.

ഇതോടെ സ്റ്റേഷനു മുൻവശം കൂടുതൽ സ്ഥലം ലഭ്യമാകുമെന്നാണ് വിലയിരുത്തൽ. ഇരിപ്പിടങ്ങൾ, ശുചിമുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഇതിന് അനുബന്ധമായി വരും.

അമൃത് സ്റ്റേഷൻ പദ്ധതിയിൽ ഷൊർണൂർ റെയിൽവേ സ്റ്റേഷൻ ഉൾപ്പെട്ടതോടെയാണ് 30 കോടി വരെയുള്ള വികസന പദ്ധതികൾക്ക് സാധ്യത തെളിഞ്ഞത്.

സ്റ്റേഷനിലേക്ക് പുതിയ ഫുട് ഓവർ ബ്രിജ് നിർമാണം പുരോഗമിക്കുകയാണ്. എസ്കലേറ്ററിൻെറ സാധ്യതയും ചർച്ചകളിലുണ്ട്.

ഫുട്ട്പ്രിൻറ് സർവേ അനുസരിച്ചു പ്രതിദിനം ഷൊർണൂർ ജംക്ഷനിൽ വന്നു പോകുന്ന യാത്രികരുടെ എണ്ണം 25,000ത്തിൽ എത്തിയിരുന്നു.

ഇതോടെ കൂടുതൽ പദ്ധതികൾ വരുമെന്നും ഉറപ്പായി. 15 വർഷങ്ങൾക്ക് മുന്പാണ് സ്റ്റേഷനു മുൻവശം സ്ഥലം ലഭ്യമാകാനുള്ള സാധ്യതകൾ സംബന്ധിച്ചുള്ള ചർച്ചകൾ വരുന്നത്. പാതി വഴിയിൽ ഇത് ഉപേക്ഷിക്കപ്പെട്ടു.

## നിർമാണങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തണം: ജില്ലാ വികസന സമിതി

**കൽപ്പറ്റ:** വിവിധവകുപ്പുകൾക്കു കീഴിൽ നടക്കുന്ന നിർമാണങ്ങളുടെ ഗുണമേൻമയും സുരക്ഷിതത്വവും ഉത്തരവാദപ്പെട്ട അധികാരികൾ ഉറപ്പുവരുത്തണമെന്ന് ജില്ലാ വികസന സമിതി യോഗം ആവശ്യപ്പെട്ടു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണം. അനാവശ്യ കാലതാമസം ഒഴിവാക്കണം. പദ്ധതി പൂർത്തീകരണം വൈകുന്നത് ചെലവ് വർധിക്കുന്നതിനും കാരണമാകുകയാണെന്ന് യോഗം വിലയിരുത്തി.

റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങി എല്ലാ നിർമാണങ്ങൾക്കും കൃത്യമായ എസ്റ്റിമേറ്റ് തയാറാക്കണമെന്ന് ഒ.ആർ. കേളു എംഎൽഎ നിർദേശിച്ചു. ഇടയ്ക്കിടെ എസ്റ്റിമേറ്റ് പുതുക്കുന്ന പ്രവണത ശരിയല്ല. റീ ബിൽഡ് കേരള പദ്ധതിയിൽ നടക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കണം. റീബിൽഡ് കേരള ഉദ്യോഗസ്ഥരെ അടുത്ത ഡിഡിസി യോഗത്തിൽ പങ്കെടുപ്പിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.



# കാടുകയറി ഇക്കോ ടൂറിസം

**മാന്നാർ:** സാധാരണ ടൂറിസവുമായി കാടുകയറുകയാണ് പതിവെങ്കിലും ഇവിടെ കാട് ടൂറിസത്തിൽ കയറിയ കാഴ്ച കാണണമെങ്കിൽ പാണ്ടനാട് എത്തണം. എടക്കടവ് ഇക്കോ ടൂറിസം പദ്ധതിയെന്നാണ് പേര്. നദിക്കരയിൽ അഞ്ച് ഏക്കറോളം സ്ഥലത്താണ് പദ്ധതി തുടങ്ങിയത്.

ജോലി തിരക്കുകൾക്കിടയിൽ കുടുംബമായും അല്ലാതെയും കാറ്റ് കൊണ്ടും മനോഹരമായ പച്ചപ്പുകളും നദിയും ഒക്കെ കണ്ടു സമയം ചിലവഴിക്കാൻ പാണ്ടനാട്ടുകാർക്കും സമീപത്തുള്ളവർക്കും ആഗ്രഹമുണ്ടെന്ന് അധികൃതർ മനസിലാക്കിയത് 2015 ലാണ്. പിന്നെ വൈകിയില്ല, ടൂറിസം വകുപ്പ് 50 ലക്ഷം രൂപയോളം മുടക്കി മനോഹരമായ ഒരു പാർക്ക് നിർമിച്ചു.

2015ൽ ടൂറിസം മന്ത്രി എ.പി.അനിൽകുമാർ പാർക്ക് തുറന്ന് കൊടുക്കുകയും ചെയ്തു. ചെറിയ വെള്ളപ്പൊക്കം ഉണ്ടായാൽ പോലും ഇവിടെ വെള്ളം കയറുന്ന സ്ഥലമാണെന്ന് തലയിൽ ആൾത്താമസമുള്ള എല്ലാവർക്കും അറിയാം. എന്നാൽ, ഇക്കാര്യം ടൂറിസം വകുപ്പിനു മനസിലായില്ല! ഫലമോ വെള്ളം കയറി പുല്ലുകളും ചെടികളും നശിച്ചു. എല്ലാ വർഷവും ഇവിടെ വെള്ളം കയറി. ചെടികളെല്ലാം പകുതിയിലേറെ നശിച്ചു. ഒരു വിധത്തിൽ ശരിപ്പെടുത്തി മുന്നോട്ടു പോകുന്നതിനിടയിലാണ് 2018ലെ മഹാപ്രളയം ഉണ്ടായത്. ആ പ്രളയത്തിൽ ടൂറിസം പൂർണമായും നശിച്ചു.

പിന്നീട് പുനർനിർമിക്കാനോ പരിഹാരം കാണാനോ ആരും തയാറായില്ല. അതോടെ പദ്ധതിയും ഇതിനായി നിർമിച്ച കെട്ടിടങ്ങളും നശിച്ചുതുടങ്ങി. ഇപ്പോൾ ഈ ടൂറിസം പദ്ധതി പൂർണമായും കാടു മൂടി. ലക്ഷങ്ങൾ മുടക്കി ആരംഭിച്ച ഒരു ടൂറിസം പദ്ധതിയുടെ ആയുസ് മൂന്നു വർഷമേ ഉണ്ടായിരുന്നുള്ളു. ദീർഘവീക്ഷണമില്ലാതെ നടപ്പിലാക്കിയതു മൂലം സർക്കാർ ഖജനാവിനു നഷ്ടപ്പെട്ട ലക്ഷങ്ങൾക്ക് ആര് സമാധാനം പറയും

# അറക്കുളം കുടിവെള്ള പദ്ധതി: 94.31 കോടിയുടെ ഭരണാനുമതി

**മൂലമറ്റം:** കേന്ദ്ര സംസ്ഥാന സർക്കാരുകളും അറക്കുളം പഞ്ചായത്തും പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിർമാണോദ്ഘാടനം ആഘോഷമാക്കാൻ നാട്ടുകാർ. എല്ലാ വീടുകളിലും ടാപ്പുവഴി കുടിവെള്ളം എത്തിക്കുന്ന പദ്ധതിക്ക് 94.31 കോടിയുടെ ഭരണാനുമതിയാണ് ലഭിച്ചത്. ആദ്യഘട്ടത്തിൽ 5,273 ഗാർഹിക കുടിവെള്ള കണക്ഷനാണ് ഇതുവഴി നൽകുന്നത്.



പുതിയ പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ, സംഭരണ ടാങ്കുകളുടെ നിർമാണം, പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ട് സോണുകളായാണ് പദ്ധതിക്കു രൂപം നൽകിയിരിക്കുന്നത്. അറക്കുളം പന്ത്രണ്ടാം മൈലിൽ ആറു മീറ്റർ വ്യാസമുള്ള കിണറ്റിൽനിന്നു ജലം ശേഖരിച്ചു പന്ത്രണ്ടാം മൈലിൽ പുതുതായി സ്ഥാപിക്കുന്ന ശുദ്ധീകരണ ശാലയിലും കുളമാവ് ജലാശയത്തിൽ സ്ഥാപിക്കുന്ന ആറു മീറ്റർ വ്യാസമുള്ള കിണറ്റിൽ നിന്നു ജലം ശേഖരിച്ചു കുളമാവിൽ സ്ഥാപിക്കുന്ന ശുദ്ധീകരണ ശാലയിലും വെള്ളം എത്തിച്ച് ശുദ്ധീകരിച്ച് അറക്കുളം പഞ്ചായത്തിൽ എല്ലാ കുടുംബങ്ങൾക്കും വെള്ളം എത്തിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം മൂലമറ്റത്തു വിപുലമായി നടത്താൻ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽകൂടിയ സർവകക്ഷി യോഗം തീരുമാനിച്ചു. ഇതിനായി വിപുലമായ കമ്മറ്റിക്കും രൂപം നൽകി.

ടോമി വാളികുളത്തിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറ് കെ.എസ്.വിനോദ് ചെയർമാനും കെ.എൽ.ജോസഫ് ജനറൽ കൺവീനറുമായി കമ്മിറ്റി തെരഞ്ഞെടുത്തു. പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും.

## പള്ളിപ്പുറത്ത് ടേക്ക് എ ബ്രേക്ക്, പുതിയ വഴിയോര വിശ്രമ കേന്ദ്രം

**പോത്തൻകോട്:** പള്ളിപ്പുറം സിആർപിഎഫ് റിക്രൂട്ട്മെന്റിനെത്തുന്ന യുവതീ യുവാക്കൾക്കും ദേശീയപാത 66ലൂടെ ദീർഘദൂരയാത്ര നടത്തുന്നവർക്കും വിശ്രമിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനും സൗകര്യങ്ങൾ ഒരുക്കി നിർമിച്ച വഴിയോര വിശ്രമ കേന്ദ്രം ടേക്ക് എ ബ്രേക്ക് നാടിനു സമർപ്പിച്ചു.

വിശ്രമ കേന്ദ്രത്തോടൊപ്പം അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്തിൽ ഏഴ് വർഷക്കാലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ജി.വേലായുധൻ നായരുടെ സ്മരണയ്ക്കായി നിർമിച്ച ഓപ്പൺ എയർ ഓഡിറ്റോറിയവും മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് എസ്. ഹരികുമാർ അധ്യക്ഷനായിരുന്നു. എല്ലാ സൗകര്യങ്ങളുമുള്ള സ്ത്രീ പുരുഷ ടോയിലറ്റുകൾ, ഫീഡിംഗ് റൂം, ഹാന്റി കാപ്ഡ് ടോയിലറ്റ്, വിശ്രമമുറി തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

ഇതോടൊപ്പം ഒരു ലഘുഭക്ഷണശാലയും പ്രവർത്തനമാരംഭിക്കും. പരിപാലനത്തിന് കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കും. എം.ജലീൽ, ഉനൈസ അൻസാരി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.. മാജിദ, പഞ്ചായത്തംഗങ്ങളായ കെ. സോമൻ, എ.ആർ റഹീഫ്, മണിമധു, എസ്.സിത്താര, പി. അനിൽകുമാർ, ബ്ലോക്കംഗം പുഷ്പ വിജയൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ രാധാമണി, കുടുംബശ്രീ ചെയർപെഴ്സൺ ആർ.ഷീജ, എന്നിവർ പ്രസംഗിച്ചു.

## ആലപ്പുഴയിൽ പനിക്കു ശമനമില്ല

**ആലപ്പുഴ:** ജില്ലയിൽ ഇന്നലെ 7 പേർക്കു ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 781 പേർ സർക്കാർ ആശുപത്രികളിൽ പനിക്ക് ചികിത്സതേടി. ഒരാൾക്ക് എലിപ്പനിയും 85 പേർക്കു വയറിളക്ക രോഗങ്ങളും സ്ഥിരീകരിച്ചു. പാണാവള്ളി, ഭരണിക്കാവ്, പാലമേൽ, ചെട്ടികാട്, പുന്നപ്ര നോർത്ത്, മാരാരിക്കുളം നോർത്ത്, മാവേലിക്കര എന്നിവിടങ്ങളിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. പുളിങ്കുന്നിലാണ് എലിപ്പനി സ്ഥിരീകരിച്ചത്.

സംസ്ഥാനത്ത് ഇന്നലെ ഡെങ്കിപ്പനി ബാധിച്ചു 4 പേരും എലിപ്പനി ബാധിച്ചു 3 പേരും മരിച്ചു. തിരുവനന്തപുരം കല്ലറ പാങ്കാട് ആർബി വില്ലയിൽ കിരൺബാബു (26) പനി ചികിത്സയ്ക്കിടെ മരിച്ചു. ഡെങ്കിപ്പനി ബാധിച്ചിരുന്നെന്നു ഡോക്ടർമാർ അറിയിച്ചു. ആരോഗ്യ വകുപ്പിന്റെ കണക്കനുസരിച്ച് ഇന്നലെ കൊല്ലത്ത് ഡെങ്കിപ്പനി ബാധിച്ച് 2 പേരും എലിപ്പനി ബാധിച്ച് ഒരാളും മരിച്ചു. എലിപ്പനി ബാധിച്ച് മലപ്പുറത്തും തൃശൂരും ഓരോ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പനി ബാധിച്ച 12,728 പേരാണ് ഇന്നലെ ആശുപത്രികളിൽ ചികിത്സ തേടിയത്. ഇന്നലെ 55 പേർക്ക് ഡെങ്കിപ്പനിയും 16 പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചു.

സംസ്ഥാനത്ത് ഈ വർഷം ഇതുവരെ എലിപ്പനി ബാധിച്ചു 32 പേരും എച്ച്1എൻ1 ബാധിച്ച് 23 പേരും ഡെങ്കിപ്പനി ബാധിച്ചു 18 പേരുമാണു മരിച്ചത്. കൊല്ലം ജില്ലയിൽ 7 പേർക്കു കൂടി ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 31 പേർ നിരീക്ഷണത്തിലാണ്. 4 പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചു. ജില്ലയിൽ 811 പേർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തി.



കൊച്ചിൻ ഐ.എം.എയുടെ നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ഡോക്ടേഴ്സ് ദിനാചരണവും മുതിർന്ന ഡോക്ടർമാരെ ആദരിക്കൽ സമ്മേളനവും കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.ഡോ.അനിത തിലകൻ,ഡോ.മരിയ വർഗീസ്, ഡോ.വി.കെ സഹജാനന്ദൻ, ഡോ.മോളിക്കുട്ടി തോമസ്, ഡോ.നിർമ്മല മാധവൻ,ഡോ.എസ്.ശ്രീനിവാസ കമ്മത്ത്, ഡോ.ജോർജ് തുകലൻ, ഡോ.വി.പി.കുര്യേപ്പ്, ഡോ.എം.എം.ഹനീഷ്, ഡോ. എൻ.എസ്.ഡി.രാജു,ഡോ.കാർത്തിക്ക് ബാലചന്ദ്രൻ, ഡോ.സി.ഐ ബെന്നി മാത്യു, ഡോ.വി തോമസ് വർഗ്ഗീസ് തുടങ്ങിയവർ സമീപം.

# ഡോക്ടർമാരില്ലാത്ത ലോകം ചിന്തിക്കാനാവില്ല : ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി :** ഡോക്ടർമാർ ഇല്ലാത്ത ലോകത്തെക്കുറിച്ച് ചിന്തിക്കാനാവില്ലെന്ന് കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ.

കൊച്ചിൻ ഐ.എം.എയുടെ നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടന്ന ഡോക്ടേഴ്സ് ദിനാചരണവും മുതിർന്ന ഡോക്ടർമാരെ ആദരിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഒരോ രോഗിയും ഡോക്ടർമാരെ കാണുന്നതും വിശ്വസിക്കുന്നതും ദൈവത്തിനു തുല്യമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു.

ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരെ ആക്രമിക്കുന്നത് നിർഭാഗ്യകരമാണെന്നും ഡോക്ടർമാരുടെ സേവനം വിലമതിക്കാനാവാത്തതാണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വ്യക്തമാക്കി. കൊച്ചിൻ ഐഎംഎ പ്രസിഡന്റ് എസ്.ശ്രീനിവാസ കമ്മത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ മുതിർന്ന ഡോക്ടർമാരായ ഡോ. എൻ.എസ്.ഡി രാജു, ഡോ.സി.ഐ ബെന്നി മാത്യു, ഡോ.വി തോമസ് വർഗ്ഗീസ്, ഡോ.വി.കെ സഹജാനന്ദൻ, ഡോ.മോളിക്കുട്ടി തോമസ്, ഡോ.നിർമ്മല മാധവൻ എന്നിവരെ ആദരിച്ചു. കൊച്ചിൻ ഐ.എം.എ സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ,ട്രഷറർ ഡോ. കാർത്തിക്ക് ബാലചന്ദ്രൻ,വൈസ് പ്രസിഡന്റ് ഡോ.അനിത തിലകൻ, ഐ.എം.എ ഹൗസ് ചെയർമാൻ ഡോ.വി.പി. കുര്യഐപ്പ്, കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഇലക്ട് ഡോ.എം.എം ഹനീഷ്, മുൻ പ്രസിഡന്റ് ഡോ.മരിയ വർഗ്ഗീസ്, തുടങ്ങിയവർ സംസാരിച്ചു.



# മൂന്നാറിൽ ജൂണിൽ പെയ്തത് 6 വർഷത്തിനിടയിലെ ഏറ്റവും കുറവ് മഴ

**മൂന്നാർ:** കാലവർഷമാരംഭിച്ച ജൂൺ മാസത്തിൽ മൂന്നാറിൽ ലഭിച്ചത് കഴിഞ്ഞ 6 വർഷത്തിനിടയിലെ ഏറ്റവും കുറവ് മഴ. ഈ വർഷം ജൂൺ ഒന്നു മുതൽ 30 വരെ 19.56 സെന്റിമീറ്റർ മഴയാണ് മൂന്നാറിൽ പെയ്തത്. ഈ വർഷം ജനുവരി ഒന്നു മുതൽ ജൂൺ 30 വരെ പെയ്തത് 80.39 സെന്റിമീറ്റർ മഴയാണ്. 2022ൽ ഇതേ കാലയളവിൽ 111.28 സെന്റിമീറ്റർ മഴ പെയ്തിരുന്നു.

മുൻവർഷത്തെ അപേക്ഷിച്ച് ഇത്തവണ 30.89 സെന്റിമീറ്റർ മഴ കുറവാണ്. കാലവർഷം ഇതുവരെ ശക്തി പ്രാപിക്കാത്തതിനാൽ പ്രധാന ജലസംഭരണികളായ മാട്ടുപ്പെട്ടി, കുണ്ടള എന്നിവിടങ്ങളിൽ ജലനിരപ്പ് വളരെ താഴ്ന്ന നിലയിലാണ്. ജലനിരപ്പ് താഴ്ന്നു നിൽക്കുന്നത് മാട്ടുപ്പെട്ടി ഡാമിലെ ബോട്ടിങ്ങിനെ സാരമായി ബാധിക്കുന്നുണ്ട്.




ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് ദേവാലയത്തിൽ കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ.ഡോ.ക്ലീറ്റസ് കതിർപറമ്പിൽ ഇടവക വികാരി ഫാ.ടൈറ്റസ് കുരിശുവീട്ടിൽ, സഹവികാരി ഫാ.റോഷൻ നെയ്ശ്ശേരി എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മണിപ്പൂർ ഐക്യദാർഢ്യ സംഗമം

# മണിപ്പൂർ ജനതയ്ക്കായി ഐക്യദാർഢ്യ സംഗമം സംഘടിപ്പിച്ചു

**കൊച്ചി :** മണിപ്പൂരിൽ എത്രയും വേഗം സമാധാനം പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് ദേവാലയത്തിൽ മണിപ്പൂർ ഐക്യദാർഢ്യ സംഗമം സംഘടിപ്പിച്ചു.

സംഗമം കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ.ഡോ.ക്ലീറ്റസ് കതിർപറമ്പിൽ ഉദ്ഘാടനം ചെയ്തു.

ഇടവക വികാരി ഫാ.ടൈറ്റസ് കുരിശുവീട്ടിൽ, സഹവികാരി ഫാ.റോഷൻ നെയ്ശ്ശേരി എന്നിവരും പ്രസംഗിച്ചു.

## ജനറൽ ആശുപത്രിയിൽ ആക്രമണം : ഐ.എം.എ അപലപിച്ചു

**കൊച്ചി :** എറണാകുളം ജനറൽ ആശുപത്രിയിൽ ഡ്യൂട്ടി ഡോക്ടർമാരെ ആക്രമിച്ചതിൽ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ ശക്തമായി അപലപിച്ചു.

ഡോക്ടേഴ്സ് ദിനാചരണം കരിദിനമായി മാറി. ആശുപത്രി ജീവനക്കാർക്ക് ഭയരഹിതവും സമാധാനപരവുമായി ജോലി ചെയ്യുന്നതിന് വിമാനത്താവളങ്ങൾക്ക് ഉള്ളതുപോലത്തെ സുരക്ഷ സർക്കാർ ഏർപ്പെടുത്തണമെന്ന് കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് എസ്.ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ.ജോർജ് തുകലൻ, ട്രഷറർ ഡോ. കാർത്തിക് ബാലചന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു. മതിയായ സുരക്ഷ ലഭിച്ചില്ലെങ്കിൽ രാത്രികാലങ്ങളിൽ അത്യാഹിത വിഭാഗങ്ങളിൽ ജോലി ചെയ്യാൻ ഡോക്ടർമാരും അനുബന്ധ ജീവനക്കാരും തയ്യാറാകാത്ത അവസ്ഥയിലേയ്ക്കാണ് കേരളത്തിലെ ആരോഗ്യരംഗം നീങ്ങുന്നത്. ഡോ.വന്ദനയുടെ മരണത്തെത്തുടർന്ന് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പാക്കുകയാണ് ഏക പോംവഴിയെന്നും ഭാരവാഹികൾ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663